# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മണമ്പൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.7/703/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 09/04/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണമ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.7/703/21 തീയ്യതി: 09/04/2021

## തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 20-03-2021 | 30-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സാബു.ജി.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശരീ. വിനോദ്.എസ്.സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശ്രീജിത്ത്. എസ്.കെ.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശരത്.ജെ.ശങ്കർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അമ്പിളി പ്രകാശ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. അജിത് കുമാർ.സി | സെക്രട്ടറി | 01-04-2019 | 12-05-2019 |
| ശ്രീ. സലിംകുമാർ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-05-2019 | 31-05-2019 |
| ശ്രീ. അജിത് കുമാർ.സി | സെക്രട്ടറി | 01-06-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) |
|---|---|---|
| ശ്രീ. സലിംകുമാർ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 |
| ശ്രീ. രാജേഷ് കുമാർ.വി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-08-2019 |
| ശ്രീ.ശ്യാമപ്രസാദ്.എസ്.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 14-08-2019 |
| ശ്രീമതി ലക്ഷ്മി.വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 |
| ശ്രീ.ഉണ്ണികൃഷ്ണൻ നായർ.കെ | ഹെഡ് മാസ്റ്റർ | 01-04-2019 |
| ശ്രീമതി ബീന.ജെ.എസ്. | കൃഷി ഓഫീസർ | 01-04-2019 |
| ശ്രീമതി ബിനു | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 |
| ഡോ.ഡി.അനിൽകുമാർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2019 |
| ഡോ.രശ്മി.ആർ.ജെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 |
| ഡോ.അഭിലാഷ്.ആർ | വെറ്ററിനറി സർജൻ | 01-04-2019 |
| ഡോ.ആശ | വെറ്ററിനറി സർജൻ | 16-02-2020 |
| ശ്രീമതി ഇന്ദു.എസ്.വി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 |
| ശ്രീ.അഭിലാഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 |

21.07.2019 മുതൽ 31.07.2019 വരെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഒഴിഞ്ഞുകിടന്നു.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sarath J Sankar (Auditor, On 29-03-2021)<br>Last Updated By: Sabu G (Audit Officer, On 30-03-2021) | 1-1 |
| 2 | ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു<br>Written By: Sarath J Sankar (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-1-1 |
| 3 | ബജറ്റ് വിഹിതം ചെലവഴിക്കുന്നതിൽ അപാകത<br>Written By: Sarath J Sankar (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: Sarath J Sankar (Auditor, On 29-03-2021)<br>Last Updated By: Sabu G (Audit Officer, On 30-03-2021) | 1-2 |
| 5 | ജനറൽ ലെഡ്ജർ ട്രയൽ ബാലൻസിൽ ഒരേ ഇനത്തിന് ഡെബിറ്റ്-ക്രഡിറ്റ് ബാലൻസ്<br>Written By: Sarath J Sankar (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-2-A |
| 6 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Sarath J Sankar (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-2-B |
| 7 | ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-2-C |
| 8 | ബാങ്ക് ബുക്കിൽ ക്രഡിറ്റ് ബാലൻസ്<br>Written By: Sarath J Sankar (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-2-D |
| 9 | അക്രുവൽ വരുമാനങ്ങളുടെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: Sarath J Sankar (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-2-E |
| 10 | സംയുക്ത പ്രോജക്ടുകളുടെ നീക്കിയിരിപ്പ് തുക തിരികെ ഒടുക്കിയില്ല<br>Written By: Sarath J Sankar (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-2-F |
| 11 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 29-03-2021)<br>Last Updated By: Sabu G (Audit Officer, On 30-03-2021) | 1-2-G |
| 12 | അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 29-03-2021)<br>Last Updated By: Sabu G (Audit Officer, On 30-03-2021) | 1-2-H |
| 13 | പ്രൊവിഷൻ രേഖപ്പെടുത്താതെ ചെലവ് നടത്തി<br>Written By: Sarath J Sankar (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 03-04-2021) | 1-2-I |
| 14 | ചെലവഴിക്കാത്ത ഗുണഭോക്തൃ വിഹിതം തിരികെ നൽകിയില്ല<br>Written By: Sarath J Sankar (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-2-J |
| 15 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-2-K |

| | | |
|---|---|---|
| 16 | ഡിപ്പോസിറ്റ് പ്രവൃത്തി-ചെലവഴിക്കാത്ത തുകകളുടെ വിശദാംശം ലഭ്യമാക്കിയില്ല<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-2-L |
| 17 | വസ്തു നികുതി കുടിശ്ശിക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-2-M |
| 18 | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ക്ഷേമ പെൻഷൻ തുകയും ഡി.ബി.റ്റി സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-2-N |
| 19 | ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് വിശദാംശം ലഭ്യമാക്കിയില്ല<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-2-O |
| 20 | സാമ്പത്തിക വിശകലനം<br>Written By: Sarath J Sankar (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-3 |
| 21 | ഗ്രാന്റ് വിനിയോഗം<br>Written By: Sarath J Sankar (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-4 |
| 22 | വിവിധ ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു<br>Written By: Sarath J Sankar (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-4-1 |
| 23 | ഗ്രാന്റ് സ്റ്റേറ്റ്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Sarath J Sankar (Auditor, On 29-03-2021)<br>Last Updated By: Sabu G (Audit Officer, On 30-03-2021) | 1-4-2 |
| 24 | പദ്ധതി അവലോകനം<br>Written By: Sabu G (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-5 |
| 25 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-6 |
| 26 | ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: Sabu G (Audit Officer, On 30-03-2021) | 1-7 |
| 27 | ക്യാഷ് പരിശോധന<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-8 |
| 28 | ആഭ്യന്തര നിയന്ത്രണം<br>Written By: Sabu G (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-9 |
| 29 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sabu G (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-10 |
| 30 | ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തിയില്ല<br>Written By: Sabu G (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-11 |
| 31 | വസ്തു നികുതി പിരിവ് - രസീത് വിവരം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-12 |

| | | |
|---|---|---|
| 32 | റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: Sabu G (Audit Officer, On 30-03-2021) | 1-13 |
| 33 | വാണിജ്യ കെട്ടിടങ്ങൾക്ക് തെറ്റായ നികുതി നിർണയം നടത്തി<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-14 |
| 34 | വസ്തു നികുതി നിർണയം - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: Sabu G (Audit Officer, On 30-03-2021) | 1-15 |
| 35 | കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയം നടത്തിയില്ല<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: Sabu G (Audit Officer, On 30-03-2021) | 1-15-1 |
| 36 | നികുതി നിർണയം നടത്താതെ വസ്തു നികുതി പിരിച്ചെടുത്തു<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: Sabu G (Audit Officer, On 30-03-2021) | 1-15-2 |
| 37 | കെട്ടിടങ്ങളെ നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-16 |
| 38 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: Sabu G (Audit Officer, On 30-03-2021) | 1-17 |
| 39 | സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-17-1 |
| 40 | ഇളവ് നൽകിയ കാലാവധിക്ക് ശേഷം ഡിമാന്റ് നൽകിയില്ല<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-17-2 |
| 41 | നികുതി, ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി പിരിവ്<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-18 |
| 42 | പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-19 |
| 43 | വസ്തു നികുതി - അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-20 |
| 44 | കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-20-1 |
| 45 | വസ്തു നികുതി - ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-20-2 |
| 46 | അറുപത് ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള | 1-20-3 |

| | | |
|---|---|---|
| | കെട്ടിടത്തെ ഒഴിവാക്കി<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | |
| 47 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-21 |
| 48 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-21-1 |
| 49 | ലൈസൻസ് പുതുക്കി നൽകിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-21-2 |
| 50 | പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകുന്നു.<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-22 |
| 51 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-23 |
| 52 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-24 |
| 53 | അസിസ്റ്റന്റ് എഞ്ചിനീയർ- ഭൂരിഭാഗം പദ്ധതികളും നടപ്പാക്കിയില്ല<br>Written By: Sabu G (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-25 |
| 54 | പാഥേയം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Sabu G (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-26 |
| 55 | ഫർണ്ണിച്ചർ വാങ്ങൽ-രേഖകൾ ഹാജരാക്കിയില്ല<br>Written By: Sreejith S K (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-27 |
| 56 | PHC പർച്ചേസുകളിൽ സ്റ്റോർ പർച്ചേസ് മാനൽ പാലിക്കുന്നില്ല<br>Written By: Sreejith S K (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-28 |
| 57 | സംയുക്ത പദ്ധതി -ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യാമാക്കാതെ പദ്ധതി നടപ്പാക്കി.<br>Written By: Sabu G (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-29 |
| 58 | കാർഷിക മേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ - വരവ് ചെലവ് രേഖകൾക്ക് വ്യക്തതയില്ല<br>Written By: Vinod S (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-30 |
| 59 | ക്ഷീര സംഘങ്ങൾക്ക് ബില്ലിംഗ് മെഷീൻ - കൈപ്പറ്റ് വിവരം ലഭ്യമല്ല<br>Written By: Vinod S (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-31 |
| 60 | മൃഗസംരക്ഷണമേഖലയിലെ പ്രോജക്ട്-വരവ് ചെലവ് രേഖകൾക്ക് വ്യക്തതയില്ല | 1-32 |

| | | |
|---|---|---|
| | Written By: Vinod S (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | |
| 61 | ഭവന പുനരുദ്ധാരണത്തിന് ഒരാൾക്ക് രണ്ട് പദ്ധതികളിലായി ആനുകൂല്യം നൽകി-50,000/- രൂപ തിരിച്ചടക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-33 |
| 62 | ജീവിതശൈലി രോഗ നിർണ്ണയ പദ്ധതി-മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല<br>Written By: Sreejith S K (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-34 |
| 63 | തുക നൽകിയിട്ടും പ്രിന്റർ ,യു പി എസ് എന്നിവ ലഭ്യമാക്കിയില്ല<br>Written By: Sreejith S K (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-35 |
| 64 | മരാമത്ത് പ്രവൃത്തികൾ - കരാർ ചമയ്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല.<br>Written By: Sabu G (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-36 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: Sabu G (Audit Officer, On 30-03-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: Sabu G (Audit Officer, On 30-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sarath J Sankar (Auditor, On 30-03-2021)<br>Last Updated By: Sabu G (Audit Officer, On 30-03-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം<br>Written By: Sabu G (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Sabu G (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sabu G (Audit Officer, On 30-03-2021) | 4-9 |

| | | |
|---|---|---|
| | Last Updated By: K Sreeja (Deputy Director, On 08-04-2021) | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം<br>Written By: Sabu G (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ്, 11.02.2019 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരവും പരിഷ്കരിച്ച ബജറ്റ് 26.02.2020-ലെ 1/3-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-1-1 ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501009 | Agriculture And Related Sectors- Coconut | - | 3,00,000/- |
| 2 | 2501011 | Agriculture And Related Sectors - Vegetables | - | 2,09,400/- |
| 3 | 2501013 | Agriculture And Related Sectors -Tuber Crops | - | 4,00,000/- |
| 4 | 2501046 | Dairy Development -Storage And Marketing | - | 8,00,000/- |
| 5 | 2502001 | Soil And Water Conservation | - | 1,62,000/- |

### 1-1-2 ബജറ്റ് വിഹിതം ചെലവഴിക്കുന്നതിൽ അപാകത

2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ/ പരിഷ്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ.

| ഹെഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | യഥാർത്ഥ ചെലവ് |
|---|---|---|---|
| 2501005 | Agriculture And Related Sectors- Dairy Development | 12,00,000/- | 0 |
| 2501040 | Animal Husbandry -Disease Control | 3,75,300/- | 0 |
| 2511002 | Primary Education | 1,30,735/- | 0 |
| 2511008 | Youth Welfare | 50,000/- | 0 |
| 2513009 | Women's Welfare Program | 4,50,000/- | 0 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 16.05.2020 | - | - |

### 1-2-A ജനറൽ ലെഡ്ജർ ട്രയൽ ബാലൻസിൽ ഒരേ ഇനത്തിന് ഡെബിറ്റ്-ക്രഡിറ്റ്

ബാലൻസ്

2019-20 സാമ്പത്തിക വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പരിശോധിച്ചതിൽ Closing Balance-ൽ ഒരേ ഇനത്തിന് Debit, Credit നീക്കിയിരിപ്പ് തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു. ജനറൽ ലഡ്ജർ ട്രയൽ ബാലൻസിൽ ഇത്തരത്തിൽ ഒരേ ഇനത്തിന് Debit, Credit ബാലൻസ് തുകകൾ രേഖപ്പെടുത്തിയതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-2-B ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

2019-20 ലെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം Total Cash Generated ആയി രേഖപ്പെടുത്തിയിരിക്കുന്ന തുക 2,47,47,269/- രൂപയാണ്. എന്നാൽ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase / Decrease In Cash And Cash Equivalents ആയി രേഖപ്പെടുത്തിയിട്ടുള്ളത് 67,68,677/- രൂപയാണ്. വാർഷിക കണക്കുകളിലെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ മേൽ തുകകൾ തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-2-C ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല

2019-20 വർഷത്തെ ബാലൻസ് ഷീറ്റ് B-4, Fixed Asset -ഷെഡ്യൂൾ പ്രകാരമുള്ള ഗ്രാമപഞ്ചായത്തിലെ സ്ഥിരാസ്തികളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement ഷെഡ്യൂൾ I-17(A) -ൽ കണക്കാക്കിയിട്ടില്ല. 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ പ്രകാരമുള്ള Accumulated Depreciation ആണ് തൻ വർഷത്തെ ബാലൻസ് ഷീറ്റിലും ഉൾപ്പെടുത്തിയിട്ടുള്ളത്.

1-2-D ബാങ്ക് ബുക്കിൽ ക്രഡിറ്റ് ബാലൻസ്

ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക ക്രഡിറ്റ് ബാലൻസ്(-Ve) രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ബാങ്ക് ബുക്ക് -4504101012 Federal Bank MNREGS(10930100253653) | | | |
|---|---|---|---|
| Head Code | Description | Debit | Credit |
| 20.11.2019 | Opening Balance | 0.00 | |
| 251300801 | Total Poverty Alleviation-General | | 282500.00 |
| | Closing Balance | (282500.00) | |

1-2-E അക്രൂവൽ വരുമാനങ്ങളുടെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ, ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷാരംഭത്തിലും പ്രതിമാസവും വസ്തു നികുതിക്കും ലൈസൻസിനും ഡിമാന്റ് നടത്തിയിട്ടില്ല. 2019-20 വർഷം ഡിമാന്റ് നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| ഹെഡ് | ഇനം | ഡിമാന്റ് നൽകിയ വൗച്ചർ നം/തീ |
|---|---|---|
| | | |

| | | |
|---|---|---|
| 110100101 | Property Tax On Residential Building | 41900096/11.11.2019 |
| | | 41900261/31.03.2020 |
| 110100103 | Property Tax On Non Residential Building | 41900097/11.11.2019 |
| | | 41900262/31.03.2020 |
| 140110101 | Licence Fees For Dangerous And Offensive Traders | 41900101/11.11.2019 |
| | | 41900211/31.03.2020 |

1-2-F സംയുക്ത പ്രോജക്ടുകളുടെ നീക്കിയിരിപ്പ് തുക തിരികെ ഒടുക്കിയില്ല

സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകളിലെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക, ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ 2019-20 വർഷവും തിരികെ ഒടുക്കിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | 2019-20 ബാലൻസ്ഷീറ്റ് |
|---|---|---|
| 320700205 | Contribution Of Joint Venture Project(For Revenue Expenditure)-From District Panchayaths | 133800 |
| 320700404 | Contribution Of Other Specific Purpose(For Revenue Expenditure)-From Block Panchayaths | 100275 |

1-2-G സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തിയിട്ടില്ല

2019-20 സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ്, B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

1-2-H അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 62 (എഫ്) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

1-2-I പ്രൊവിഷൻ രേഖപ്പെടുത്താതെ ചെലവ് നടത്തി

ഗ്രാമപഞ്ചായത്തിലെ സ്ഥിര ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 വർഷത്തിൽ കുടിശ്ശികയുള്ള മറ്റു ചെലവുകൾക്കായി ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ നൽകിയിട്ടില്ല. എന്നാൽ 2019 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ് , വാഹന ഇന്ധന ചെലവ് എന്നിവയ്ക്ക് 2019 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

1-2-J ചെലവഴിക്കാത്ത ഗുണഭോക്തൃ വിഹിതം തിരികെ നൽകിയില്ല

2018-19 വർഷം വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതത്തിൽ ചെലവഴിക്കാൻ അവശേഷിച്ച 24,323/- രൂപ നാളിതുവരെ ഗുണഭോക്താക്കൾക്ക് തിരികെ നൽകിയിട്ടില്ല. പ്രസ്തുത തുക 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ 320800101 Beneficiary Contributions എന്ന ഹെഡിൽ നീക്കിയിരിപ്പുണ്ട്.

1-2-K ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

പ്രോജക്ട് നം.15/20 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന പ്രവൃത്തിക്ക് 6,210/- രൂപ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം പൂർത്തീകരിക്കാത്ത പ്രസ്തുത പദ്ധതിയുടെ ചെലവ് തുക വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-18-ലെ 460500202 നമ്പർ ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-L ഡിപ്പോസിറ്റ് പ്രവൃത്തി-ചെലവഴിക്കാത്ത തുകകളുടെ വിശദാംശം ലഭ്യമാക്കിയില്ല

കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ നിർവഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ വിവിധ വർഷങ്ങളിൽ അനുവദിച്ച നൽകിയ തുകകളിൽ 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ചെലവഴിക്കാത്ത/വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കാത്ത തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Code | Particulars | Amount |
|---|---|---|
| 460500201 | Deposit With Kerala Water Authority | 4158122/- |
| 460500202 | Deposit With Kerala Electricity Board | 1163198/- |

ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പുള്ള തുകകളിലെ ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിശദാംശവും ഏജൻസികൾക്ക് അനുവദിച്ച തുകകൾ നാളിതുവരെ ചെലവഴിക്കാത്തതിന് കാരണവും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

## 1-2-M വസ്തു നികുതി കുടിശ്ശിക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2019-20 വാർഷിക ധനകാര്യ പത്രിക ബാലൻഷീറ്റ് B-15 ഷെഡ്യൂളിൽ വസ്തു നികുതി അരിയർ ഇനത്തിൽ തുക ലഭിക്കാനില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടത്തിന് നികുതി കുടിശ്ശികയുണ്ട്.

| വാർഡ്/ കെട്ടിട നം | കെട്ടിട ഉടമ | വസ്തു നികുതി കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|
| 16/254 | ആനന്ദവല്ലി | 2013 ഒന്നാം അർദ്ധവർഷം മുതൽ 2019 രണ്ടാം അർദ്ധവർഷം വരെ | 210/- |

2019-20 വർഷത്തെ വസ്തു നികുതി-സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

## 1-2-N വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ക്ഷേമ പെൻഷൻ തുകയും ഡി.ബി.റ്റി സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ക്ഷേമ പെൻഷൻ വിതരണം തുകയും ഡി.ബി.റ്റി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല

| ക്ഷേമപദ്ധതിയുടെ പേര് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ്(1-14d) | ഡി.ബി.റ്റി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 541800 | 1197000 |
| വിധവാപെൻഷൻ | 4103400 | 8506200 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 6642300 | 15164400 |
| വികലാംഗപെൻഷൻ | 1163100 | 2662900 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾ | 54000 | 109200 |

## 1-2-0 ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് വിശദാംശം ലഭ്യമാക്കിയില്ല

Code No.50450101 SGRY അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് / പാസ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. Code No.450430102 DCB Distress Releif Fund Account-ന്റെ 31.03.2020 ലെ നീക്കിയിരിപ്പ് തുക, ബാങ്ക് പാസ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ രേഖകൾ ലഭ്യമാക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രിക മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24747469 |
| വരവ് | 72351536 |
| ആകെ | 97009005 |
| ചെലവ് | 65582859 |
| നീക്കിയിരിപ്പ് | 31516146 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | *നീക്കിയിരിപ്പ്/ ലാപ്സായ തുക | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 11106528 | 11106528 | 10845286 | 261242 | 206321 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10034765 | 10034765 | 6910130 | 3124635 | 774525 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 0 | 0 | 0 | 0 | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 9874434 | 9874434 | 3904031 | 5970403 | 2762665 |
| ലോകബാങ്ക് സഹായം | 0 | - | - | - | - | - |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 12867000 | 12867000 | 5675708 | 7191292 | 1275913 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4171000 | 4171000 | 2810128 | 1360872 | 289958 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 538730 | 0 | 538730 | 231000 | 307730 | - |
| വിമുക്തി | 25000 | 0 | 25000 | 20450 | 4550 | - |
| ഐ.സി.ഡി.എസ് | 495496 | 903808 | 1399304 | 913810 | 485494 | - |
| എൻ.ആർ.ഇ .ജി.എസ് | 27536 | 12672022 | 12699558 | 12698545 | 1013 | - |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് സംസ്ഥാന വിഹിതം | 0 | 10440000 | 10440000 | 8040000 | 2400000 | - |
| ടോട്ടൽ സാനിട്ടേഷൻ | 850000 | 0 | 850000 | 92033 | 757967 | - |
| അഗതി രഹിത കേരളം | 0 | 158827 | 158827 | 158827 | 0 | - |

*ചെലവഴിക്കാത്ത/ലാപ്സായ തുക ക്യൂ ബിൽ ഉൾപ്പെടെയുള്ള തുകയാണ്

### 1-4-1 വിവിധ ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു

2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാതെ അവശേഷിച്ച വിവിധ ഗ്രാന്റുകൾ 2019-20 വർഷവും ചെലവഴിക്കാതെ തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു.വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | 2018-19 ബാലൻസ് ഷീറ്റ് | 2019-20 വർഷത്തെ ചെലവ് | 2019-20 ബാലൻസ് ഷീറ്റ് |
|---|---|---|---|
| 320100102 | 1402 | 0 | 1402 |
| 320200305 | 553689 | 0 | 553689 |
| 320900101 | 61495 | 0 | 61495 |

### 1-4-2 ഗ്രാന്റ് സ്റ്റേറ്റ്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

2019-20 വർഷത്തെ വിവിധ ഫണ്ടുകൾ/ഗ്രാന്റുകളുടെ വിനിയോഗത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും താഴെപ്പറയുന്ന പ്രകാരം വ്യത്യാസം കാണുന്നു.

| Fund/Grant | Item | Receipt | Expenditure | Balance |
|---|---|---|---|---|
| Development Fund (General) | ACR | 11106528 | 10845286 | 261242 |
| | Grant Statement | 11106528 | 12652686 | -1546158 |
| Development Fund (SCP) | ACR | 10034765 | 6910130 | 3124635 |
| | AFS | 7050130 | 7388365 | - |
| | Grant Statement | 10034765 | 7388365 | 2646400 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കു |
|---|---|---|---|---|---|---|

| | | | | | | കളുടെ ശതമാനം |
|---|---|---|---|---|---|---|
| 174 | 119418889 | 105 | 54165316 | 4 | 65 | 60.34 |

സ്പിൽ ഓവർ പദ്ധതികൾ 2019-20 സാമ്പത്തിക വർഷത്തിലും നടപ്പാക്കിയില്ല

16-11-2013 ലെ സർക്കാർ ഉത്തരവ് നമ്പർ 362/2013/തസ്വഭവ ഖണ്ഡിക 11.3 Xii (ഇ) യിലും 29-3-2017 ലെ 72/2017/തസ്വഭവ നമ്പരിലുള്ള പദ്ധതി മാർഗനിർദ്ദേശത്തിലും സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷംതന്നെ പൂർത്തീകരിയ്ക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ വി.ഇ.ഒ., ഐ.സി.ഡി.എസ്.സൂപ്പർവൈസർ, ഹെഡ്മാസ്റ്റർ, സെക്രട്ടറി, അസി. എഞ്ചിനീയർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി 2019-20 ൽ അംഗീകാരം ലഭിച്ച സ്പിൽ ഓവർ പ്രോജക്ടുകളിൽ ചുവടെ ചേർക്കുന്ന 11 പദ്ധതികൾ തൻവർഷവും നടപ്പാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 180/19-20 | നാപ്കിൻ വെൻഡിംഗ് & ഇൻസിനറേറ്റർ | 2,00,000/- | വി.ഇ.ഒ. |
| 2 | 160/19-20 | അംഗൻവാടികളിൽ കുടിവെള്ള പൈപ്പ് കണക്ഷൻ | 1,36,000/- | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3 | 159/19-20 | സ്മാർട്ട് ക്ലാസ്സ് റൂമിലേയ്ക്ക ഫർണിച്ചർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 1,55,937/- | ഹെഡ്മാസ്റ്റർ |
| 4 | 140/19-20 | താബൂക്ക് നിർമ്മാണ യൂണിറ്റ് | 7,50,000/- | സെക്രട്ടറി |
| 5 | 142/19-20 | പഞ്ചായത്ത് ഓഫീസിൽ പ്രസിഡന്റ്,വൈസ് പ്രസിഡന്റ് ക്യാബിൻ നിർമ്മാണം | 2,50,000/- | സെക്രട്ടറി |
| 6 | 143/19-20 | തൊപ്പിച്ചന്ത തൈവിളാകം റോഡ് റീടാറിംഗ് | 2,30,000/- | അസി. എഞ്ചിനീയർ |
| 7 | 147/19-20 | മണിയൻകോട് കോളനി റോഡ് റീകോൺക്രീറ്റിംഗും ഐറിഷ് ഡ്രെയിൻ നിർമ്മാണവും | 5,86,931/- | അസി. എഞ്ചിനീയർ |

| | | | | |
|---|---|---|---|---|
| 8 | 150/19-20 | കാര്യർക്കോണം ആശാൻവിളാകം റോഡ് റീടെയ്നിംഗ് വാൾ നിർമ്മാണം | 3,35,650/- | അസി. എഞ്ചിനീയർ |
| 9 | 151/19-20 | തടയണ നിർമ്മാണവും പുനരുദ്ധാരണവും | 10,00,000/- | അസി. എഞ്ചിനീയർ |
| 10 | 157/19-20 | ജൈവ മാലിന്യശേഖരണ കെട്ടിട നിർമ്മാണം | 11,00,000/- | അസി. എഞ്ചിനീയർ |
| 11 | 181/19-20 | തുമ്പൂർമൂഴി കവലയൂർ എച്ച്.എസ്.സബ് രജിസ്ട്രാർ ഓഫീസ് | 9,00,000/- | അസി. എഞ്ചിനീയർ |

വിവിധ കാരണങ്ങളാൽ പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞില്ല എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.1ന് മറുപടി നൽകിയിട്ടുണ്ട്. സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിക്കുവാൻ നിർവ്വഹണോദ്യോഗസ്ഥരും ചുമതലപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 27536 | 971369 | 998905 | 997892 | 1013 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11700653 | 11700653 | 11700653 | 0 |
| ആകെ | 27536 | 12672022 | 12699558 | 12698545 | 1013 |

## 1-7 ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

2019-20 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 258360 | 191 |
| കർഷകതൊഴിലാളി പെൻഷൻ | 1197000 | 163 |
| വിധവാപെൻഷൻ | 8506200 | 1178 |
| വാർദ്ധക്യകാലപെൻഷൻ | 15164400 | 1984 |
| വികലാംഗപെൻഷൻ | 2662900 | 336 |
| വിവാഹധനസഹായം | 0 | 0 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 109200 | 16 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.03.2021, 10.15 AM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35,150/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണ്. രേഖകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നതിൽ കുറച്ചുകൂടി കൃത്യത പാലിക്കേണ്ടതാണ്.

A) ഫ്രണ്ട് ഓഫീസ്

ഗ്രാമ പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നു.

ഫ്രണ്ട് ഓഫീസ് ഡയറി നിർദ്ദിഷ്ട മാതൃകയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. പ്രതിമാസ ഓഫീസ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നില്ല.

B)വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല

പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ 2019-20ൽ കൃത്യമായി യോഗം ചേർന്നിട്ടില്ല. പുതിയ പദ്ധതി നിർദ്ദേശങ്ങളല്ലാതെ വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്റ്റുകളുടെ മോണിറ്ററിംഗ് നടത്തിയിട്ടുള്ളതായി രേഖകൾ പ്രകാരം ഇല്ല. ഗ്രാമ പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല. 29.3.2017ലെ സ.ഉ(എം.എസ്)72/2017/ത.സ്വ.ഭ.വ സർക്കാർ ഉത്തരവിലെ ഖണ്ഡിക 14.6 പ്രകാരം പ്രോജക്റ്റ് മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതും, അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതുമാണ്. പ്രസ്തുത സമിതികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. എന്നാൽ വിവിധ പ്രവൃത്തി ഫയലുകൾ, മിനിട്സ് ബുക്ക് എന്നിവ പരിശോധിച്ചതിൽ തൻവർഷം നടപ്പാക്കിയ പ്രോജക്റ്റുകൾ ഒന്നും മേൽ ഉത്തരവു പ്രകാരമുള്ള മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. ഇക്കാര്യം മേൽനോട്ടച്ചുമതലയുള്ള അതത് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പുവരുത്തേണ്ടതുണ്ട്.

C)ആസ്തി രജിസ്റ്റർ

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. കൂടാതെ എല്ലാ ആസ്തി വിവരങ്ങളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

D)ആസ്തി സംരക്ഷണ പദ്ധതി

പദ്ധതി മാർഗരേഖ [സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.01.2021 | 01.09.2020 മുതൽ 31.12.2020 വരെ | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.10.2020 | 2015-16 മുതൽ 2019-20 വരെ | 24.12.2020 |

## 1-11 ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തിയില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) 46,862/- രൂപ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറി നമ്പർ 3/20.03.2021ന് മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്.

2015-16, 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിലും പ്രസ്തുത ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല എന്നും അസി. എഞ്ചിനീയർ അറിയിച്ചു. ടെണ്ടർ ഫോറ വിലയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഊർജിതപ്പെടുത്തേണ്ടതാണ്.

## 1-12 വസ്തു നികുതി പിരിവ് - രസീത് വിവരം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പിരിവിന്റെ രസീത് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്താതെ തുക മാത്രം സഞ്ചയയിലെ കളക്ഷനിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം | വാർഡ് | കെട്ടിട നം | കെട്ടിട ഉടമ | വർഷം | കാലയളവ് | തുക |
|---|---|---|---|---|---|---|
| 1 | 3 | 589 A | സ്വപ്ന & ഗിരിജ (പൊയ്കവിള വീട്,അന്പലത്തുംപണ,മണന്വൂർ | 2016 | First Half | 108 |
| | | | | 2016 | Second Half | 107 |
| 2 | 6 | 44 | കടുവായില് തങ്ങള് ചാരിറ്റബിള് ആശുപത്രിവക( തോട്ടക്കാട്,തോട്ടയ്ക്കാട് പി ഒ, | 2013 | First Half | 659 |
| | | | | 2013 | Second Half | 659 |
| | | | | 2014 | First Half | 659 |
| 3 | 10 | 158 A | സേതുദാസ്.കെ( പത്മതീര്ത്ഥം,കൊടിളുക്കികുന്ന്) | 2016 | First Half | 95 |
| | | | | 2016 | Second Half | 93 |
| 4 | 14 | 122 A | ഗിരിജ(വൃന്ദാവനം,വന്കടവ്, കുളമുട്ടം പി ഒ,695144) | 2014 | First Half | 131 |
| | | | | 2014 | Second Half | 129 |
| | | | | 2015 | First Half | 131 |
| | | | | 2015 | Second Half | 129 |
| | | | | 2016 | First Half | 131 |
| | | | | 2016 | Second Half | 129 |
| 5 | 14 | 351 A | സുശീല(കുന്നുവിള വീട്, വെട്ടുകാട്,കുളമുട്ടം പി ഒ, | 2016 | First Half | 101 |
| | | | | 2016 | Second Half | 100 |

| | | | | | | |
|---|---|---|---|---|---|---|
| 6 | 15 | 48 | ഷിബു.ജെ(കുന്നില് വീട്, മാടന്കാവ്,പെരുംകുളം | 2016 | First Half | 114 |

മേൽ കെട്ടിടങ്ങളുടെ നികതി ഒടുക്കിയ രസീത് നമ്പർ, തീയതി എന്നിവ ഉൾപ്പെടയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 10/22.03.2021 ന് മറുപടിയിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രസീത് നമ്പരുകൾ സഞ്ചയയിൽ രേഖപ്പെടുത്തി രസീതിന്റെ വിവരങ്ങൾ ഉൾപ്പെടെ വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.

2019-20 വർഷം സംഖ്യ രസീതു പ്രകാരം വസ്തു നികതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് | റദ്ദാക്കിയ സാംഖ്യ രസീത് നം/തീ | തുക |
|---|---|---|---|---|
| 1 | 7/311 | കുട്ടപ്പൻ | 1180102277/28.10.2019 | 173/- |
| 2 | 14/341 | സോമൻ | 1180102559/08.11.2019 | 208/- |
| 3 | 8/125 | അബ്ദുൾ ഹക്കിം | 1180102627/12.11.2019 | 548/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 11/22.03.2021 ന് മറുപടിയിൽ വിഷയം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കംചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്.സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-14 വാണിജ്യ കെട്ടിടങ്ങൾക്ക് തെറ്റായ നികുതി നിർണയം നടത്തി

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെപ്പറയുന്ന വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്.വിശദാംശം ചുവടെ ചേർക്കുന്നു.

| നികുതി നിർണയം | സഞ്ചയയിലെ നികുതി നിർണയം | | യഥാർത്ഥ നികുതി | |
|---|---|---|---|---|
| കെട്ടിട നമ്പർ/ കെട്ടിട ഉടമ | 9/596 മുഹമ്മദ് ഇക്ബാൽ | 9/251&9/252 സുശീന്ദ്രൻ നായർ | 9/596 മുഹമ്മദ് ഇക്ബാൽ | 9/251&9/252 സുശീന്ദ്രൻ നായർ |
| കെട്ടിടത്തിന്റെ വിസ്തീർണം | 235.00ച.മീ | 120 ച.മീ | 235.00 ച.മീ | 120 ച.മീ |
| ഉപയോഗ ക്രമം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) | 30 രൂപ | | | | 50 രൂപ | | | |
| അടിസ്ഥാന വസ്തു നികുതി | 7050.00 രൂപ | | 3600.00 രൂപ | | 11750.00 രൂപ | | 6000.00രൂപ | |
| ഇളവ് മേഖല (-) | 1410.00 രൂപ (20%) | | 360.00 രൂപ (10%) | | 2350.00രൂപ (20%) | | 600.00 (10%) | |
| മേൽക്കൂര 10%(-) | 705.00 | | - | | 1175.00 | | - | |
| വർദ്ധനവ് വഴി സൗകര്യം 20%(+) | 1410.00 രൂപ | | 720.00 രൂപ | | 2350.00 രൂപ | | 1200.00 രൂപ | |
| ആകെ നികുതി | 6345.00 രൂപ | | 3960.00 രൂപ | | 10575.00 രൂപ | | 6600.00 രൂപ | |
| തരം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
| വസ്തു നികുതി | 3173.00 | 3172.00 | 1980.00 | 1980.00 | 5288.00 | 5287.00 | 3300.00 | 3300.00 |
| ലൈബ്രറി സെസ്സ് | 159.00 | 159.00 | 99.00 | 99.00 | 265.00 | 265.00 | 165.00 | 165.00 |
| സർവീസ് ചാർജ്ജ് (17%) | 540.00 | 539.00 | 337.00 | 337.00 | 899.00 | 899.00 | 561 | 561 |
| ആകെ നികുതി | 3872 | 3870 | 2416 | 2416 | 6452 | 6451 | 4026 | 4026 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 05/22.03.2021 ന് ലഭിച്ച മറുപടിയിൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വസ്തു നികുതി നിർണയം - അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ മേൽ വകുപ്പ് പ്രകാരം നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് നാളിതുവരെയും നികുതി നിർണയം നടത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

## 1-15-1 കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയം നടത്തിയില്ല

സഞ്ചയ സോഫ്റ്റ്വെയറിൽ 5,6,7 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ വസ്തു നികുതി ഇളവ് നൽകാത്ത താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയം നടത്തി തുക ഡിമാന്റ് ചെയ്യുകയോ നികുതി തുക പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 5/222 | ജലാൽ,ഷാനിഫ | പാർപ്പിടം | 70 $M^2$ |
| 2 | 5/526 | അസുമാബീവി | പാർപ്പിടം | 70 $M^2$ |
| 3 | 5/578 | അബ്ദുത് റഹീം | പാർപ്പിടം | |

| | | | | |
|---|---|---|---|---|
| | | | | 70 $M^2$ |
| 4 | 6/777 | അനിൽ കുമാർ | പാർപ്പിടം | 450 $M^2$ |
| 5 | 6/658 | ഉഷ | പാർപ്പിടം | 80 $M^2$ |
| 6 | 6/601 | ഉമാദേവി | പാർപ്പിടം | 96 $M^2$ |
| 7 | 6/639 | അബ്ദുൽവാഹിദ് | പാർപ്പിടം | 70 $M^2$ |
| 8 | 7/556 | അമലേന്ദു | പാർപ്പിടം | 142 $M^2$ |
| 9 | 7/318 | റംല സഹീർ | പാർപ്പിടം | 62 $M^2$ |
| 10 | 7/78 | അബ്ദുൾ അസീസ് | പാർപ്പിടം | 70 $M^2$ |

<u>1-15-2 നികുതി നിർണയം നടത്താതെ വസ്തു നികുതി പിരിച്ചെടുത്തു</u>

സഞ്ചയ സോഫ്റ്റ്വെയറിൽ 6,11 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നിലനിൽക്കുന്നതായും കാണുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 6/601 | ഉമാദേവി | പാർപ്പിടം | 96 $M^2$ | 1102/- |
| 2 | 6/402 | വിലാസിനി | പാർപ്പിടം | 40 $M^2$ | 785/- |
| 3 | 6/358 | ശിവൻ പിള്ള | പാർപ്പിടം | 30 $M^2$ | 445/- |
| 4 | 6/328 | സലിം | പാർപ്പിടം | 59$m^2$ | 700/- |
| 5 | 11/318 | വാസുദേവൻ | പാർപ്പിടം | 55 $M^2$ | 1153/- |
| 6 | 11/197 | ഫസറത്ത് | പാർപ്പിടം | 12 $M^2$ | 1985/- |
| 7 | 11/259 | നാസർ | പാർപ്പിടം | 50 $M^2$ | 1080/- |

<u>1-16 കെട്ടിടങ്ങളെ നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല</u>

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം12(1) പ്രകാരം ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെ വിവരം നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ 8,13 എന്നീ വാർഡിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| വാർഡ് -VIII | വാർഡ് -XIII |
|---|---|

| Missing From | Missing To | Missing Total | Missing From | Missing To | Missing Total |
|---|---|---|---|---|---|
| 55 | 55 | 1 | 11 | 11 | 1 |
| 113 | 113 | 1 | 15 | 15 | 1 |
| 284 | 284 | 1 | 57 | 57 | 1 |
| 322 | 322 | 1 | 59 | 59 | 1 |
| 324 | 326 | 3 | 144 | 145 | 2 |
| 414 | 414 | 1 | 178 | 178 | 1 |
| 623 | 623 | 1 | 199 | 199 | 1 |
| 625 | 625 | 1 | 220 | 220 | 1 |
| 628 | 628 | 1 | 230 | 230 | 1 |
| 631 | 633 | 3 | 236 | 236 | 1 |
| 635 | 635 | 1 | 246 | 246 | 1 |
| 638 | 638 | 1 | 514 | 515 | 2 |
| 640 | 641 | 2 | 521 | 524 | 4 |
| 643 | 644 | 2 | 527 | 527 | 1 |
| 646 | 646 | 1 | 532 | 532 | 1 |
| 649 | 649 | 1 | 537 | 538 | 2 |
| 651 | 651 | 1 | 541 | 541 | 1 |
| 653 | 653 | 1 | 547 | 547 | 1 |
| 656 | 657 | 2 | 550 | 551 | 2 |
| 661 | 662 | 2 | 554 | 563 | 10 |
| 665 | 665 | 1 | 565 | 632 | 68 |
| 669 | 669 | 1 | 634 | 819 | 186 |
| 671 | 671 | 1 | Total | | 290 |
| 673 | 673 | 1 | | | |
| 678 | 678 | 1 | | | |
| 693 | 693 | 1 | | | |
| 711 | 5243 | 4533 | | | |
| Total | | 4567 | | | |

സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമോളിഷ്ഡ് ബിൽഡിംഗ്, ഡിലീറ്റഡ് റെക്കോർഡസ് എന്നിവയിലും മേൽ കെട്ടിടങ്ങളുടെ വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.06/22.03.2021 -ന്റെ മറുപടിയിൽ സഞ്ചയ പരിശോധിച്ച് മേൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച്, ഒഴിവാക്കിയ കെട്ടിടങ്ങളുടെ നികുതി പുനപരിശോധന നടത്തി വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>1-17 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത</u>

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന്

അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/ സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റവെയർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-17-1 സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല

സഞ്ചയ സോഫ്റ്റവെയർ പരിശോധിച്ചതിൽ സാക്ഷ്യപത്രം സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | പേര് , വിലാസം |
|---|---|---|
| 1 | 1/154 | ഭാരതിയമ്മ, കിഴക്കതിൽ വീട്, പാർത്തുകോണം |
| 2 | 4/202 | ശോമണി, സുജ ഭവൻ, മണമ്പൂർ |
| 3 | 4/437 | നീതിപാലൻ, ഷർമ്മിളാലയം, മണമ്പൂർ |
| 4 | 6/131 | എച്ച്.ഹംസുദ്ദീൻ, കെ.വി.ഹൗസ്, ചാത്തൻ പാറ, തോട്ടയ്ക്കാട് |
| 5 | 6/724 A | ഗോപാലകൃഷ്ണൻ, ഗോവിന്ദം, ചാത്തൻപ്പാറ |
| 6 | 14/289 | ലൂക്കോസ്പെരേര, മിനിഭവൻ, വെട്ടുകാട് |
| 7 | 15/19 | ഹലീമാബീവി, താഹമൻസിത്, കുഴിവാളംകോണം |
| 8 | 15/136 | അബ്ദുൽ അസീസ്, ഷാബിനമൻസിൽ, കവലയൂർ |
| 9 | 15/606 | വിഷ്ണു ദത്തൻ, മിസ്റ്റ , കവലയൂർ |

### 1-17-2 ഇളവ് നൽകിയ കാലാവധിക്ക് ശേഷം ഡിമാന്റ് നൽകിയില്ല

താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് 2019-20 സാമ്പത്തിക വർഷത്തിന് മുൻപ് വിവിധ കാലയളവിൽ വിമുക്ത ഭടന്മാരുടെ വാസഗൃഹത്തിലുൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കാലയളവുകൾക്ക് ശേഷം കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് നടത്തുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട നം | പേര്, വിലാസം | വിസ്തീർണം | നികുതി ഇളവ് നൽകിയ കാലയളവ് |
|---|---|---|---|---|
| 1 | 1/263 | സരോജിനിഅമ്മ (മീമ്പാട്ടുകോണത്ത് പുത്തൻവീട്, കവലയൂർ | 65 $M^2$ | 2017 ഒന്നാം അർദ്ധവർഷം മുതൽ 2017 രണ്ടാം അർദ്ധവർഷം വരെ |
| 2 | 1/356 | സുമതി, തോപ്പിത് വീട്, മണമ്പൂർ | 42 $M^2$ | 2016 ഒന്നാം അർദ്ധവർഷം മുതൽ 2016 രണ്ടാം അർദ്ധവർഷം വരെ |
| 3 | 7/318 | റംലാസഹീർ (അത്ഹാബീവി) | 62 $M^2$ | 2016 ഒന്നാം അർദ്ധവർഷം മുതൽ 2016 രണ്ടാം അർദ്ധവർഷം വരെ |

| | | | | |
|---|---|---|---|---|
| 4 | 16/11 | നിർമ്മല (നവീനം, കവലയൂർ | 18 $M^2$ | 2017 ഒന്നാം അർദ്ധവർഷം മുതൽ 2017 രണ്ടാം അർദ്ധവർഷം വരെ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/23.03.2021 ന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-18 നികുതി, ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി പിരിവ്

2011ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്)ചട്ടങ്ങൾ പ്രകാരം നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളിൽ നിന്നും ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നിലനിൽക്കുന്നതായും കാണുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിട വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|
| 1 | 6/688 | രാജേന്ദ്രൻ പിള്ള | 82 $M^2$ | 1,858/- |
| 2 | 12/29 | മാഹീൻ | 28 $M^2$ | 2,524/- |
| 3 | 8/129 | ഷറഫുദ്ദീൻ | 15 $M^2$ | 465/- |
| 4 | 8/612 | ചന്ദ്രവല്ലി അമ്മ | 35 $M^2$ | 600/- |
| 5 | 8/609 | ഓമന | 30 $M^2$ | 701/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 07/22.03.2021 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. കെട്ടിടങ്ങൾക്ക് നികതി ഡിമാന്റ് ചെയ്യാതെ തുക പരിച്ചെടുത്തത് സ്ഥാപനത്തിന്റെ ഭാഗത്തെ ഗുരുതരമായ പിഴവാണ്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം.തീ | കെട്ടിട നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം | ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ നികതി |
|---|---|---|---|---|---|---|---|
| 1 | A3-/27.03.2019 | 13/166 | അക്ബർ | വ്യാവയായിക കെട്ടിടം | 50 $M^2$ | 2018 ഒന്നാം അർദ്ധവർഷം | 976/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | മുതൽ | |
| 2 | A3-/27.03.2019 | 13/167 | അക്ബർ | വ്യാവയായിക കെട്ടിടം | 50 $M^2$ | 2018 ഒന്നാം അർദ്ധവർഷം മുതൽ | 976/- |
| 3 | A3-/27.03.2019 | 13/416 | അബ്ദുൾ കലാം | വാണിജ്യ കെട്ടിടം | 9 $M^2$ | 2018 ഒന്നാം അർദ്ധവർഷം മുതൽ | 264/- |
| 4 | A3-/27.03.2019 | 13/417 | അബ്ദുൾ കലാം | വാണിജ്യ കെട്ടിടം | 9 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 294/- |
| 5 | A3/101/2019 29.03.2019 | 15/617 | ജനാർദ്ധനൻ | വാണിജ്യ കെട്ടിടം | 10 $M^2$ | 2018 ഒന്നാം അർദ്ധവർഷം മുതൽ | 293/- |
| 6 | A3/3216/2020 31.03.2020 | 12/283 | ലീലാകുമാരി | വാണിജ്യ കെട്ടിടം | 10 $M^2$ | 2018 ഒന്നാം അർദ്ധവർഷം മുതൽ | 293/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 12/23.03.2021 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഒഴിവാക്കി നൽകിയതിന്റെ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 വസ്തു നികുതി - അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-20-1 കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന സഞ്ചയസോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | കെട്ടിട നം | സബ് നം | ഉടമയുടെ വിവരം | വിസ്തീർണം |
|---|---|---|---|---|---|
| 1 | 1 | 267 | A | സോവി (രേവതി നിവാസ്, പീലിക്കുന്ന്, മണമ്പൂർ,കവലയൂർ) | 26 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2 | 2 | 480 | A | ലത S/O സരള (വിജിത നിവാസ്, മാവിളാകം, മണമ്പൂർ ) | 52.5 |
| 3 | 2 | 495 | A | ശ്രീജിത്ത് (അഭിനവ് ഭവന്, മാവിളാകം, മണമ്പൂർ പി ഒ,) | 18 |
| 4 | 3 | 390 | A | ബിന്ദു/സന്തോഷ് (പൊയ്കവിളവീട്, അമ്പലത്തുംപണവീട്, മണമ്പൂർ | 40 |
| 5 | 3 | 476 | A | പ്രീത/സുനിൽ (അമ്പാടിവീട്, കാശ്രർക്കോണം, മണമ്പൂർ) | 26 |
| 6 | 4 | 307 | B | ശ്രീജി (തോട്ടത്തിൽ വീട്, മണമ്പൂർ, മണമ്പൂർ പി ഒ, | 22.8 |
| 7 | 4 | 480 | | പുഷ്പലത (പണയിത് വീട്, മണമ്പൂർ) | 30 |
| 8 | 4 | 525 | A | ശാന്ത (റെജിവിലാസം, മണമ്പൂർ, മണമ്പൂർ പി ഒ.) | 25 |

## 1-20-2 വസ്തു നികുതി - ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കുകയും കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 5/539 | ചെല്ലമ്മ, പൂവണം വിള, മണമ്പൂർ) |
| | 5/533 | |
| 2 | 4/528 | ഓമന, ചരുവിള വീട്, മണമ്പൂർ |
| | 4/529 | |
| 3 | 3/112 | ശാരദ, കാവുവിള, മണമ്പൂർ |
| | 3/114 | |
| 4 | 3/350 | സുലോചന, കാട്ടിത് പുത്തൻവീട്, മണമ്പൂർ |
| | 3/410 | |

## 1-20-3 അറുപത് ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തെ ഒഴിവാക്കി

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കാണ് നികുതി ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണം

| ക്രമ നം | വാർഡ് | കെട്ടിട നം | കെട്ടിട ഉടമ | വിസ്തീർണം |
|---|---|---|---|---|
| 1 | 10 | 236 | അനിത.കെ (ശ്രീ നിലയം, കണ്ണങ്കര, പെരുംകുളം | 64 |
| 2 | 10 | 247 A | പ്രശാന്തി (കാട്ടുവിള പുത്തൻവീട്, കൊടിതുക്കികുന്ന് | 63 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 09/22.03.2021 ന് ലഭിച്ച മറുപടിയിൽ മേൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1-21-1 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2018-19 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട 1,4 എന്നീ വാർഡുകളിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളെ 2019-20 വർഷം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | വാർഡ് നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 1/116 | ഹേമ ചന്ദ്രൻ | ബേക്കറി |
| 2 | 1/16 A | ജയറാം | ഹെൽത്ത് ക്ലബ് |
| 3 | 1/282 | മീന | ടെക്സ്റ്റൈൽ |
| 4 | 1/405A | അജിത്ത് കുമാർ | പലവ്യഞ്ജനം |
| 5 | 1/7 | ചിത്രാംഗതൻ | കാലിത്തീറ്റ വില്പന |
| 6 | 1/10 | അശോകൻ | ബാർബർ ഷോപ്പ് |
| 7 | 1/3 | ശശിധരൻ | കല്യാണസ്റ്റോർ |
| 8 | 1/58 A | റോണി | സ്റ്റുഡിയോ |
| 9 | 1/16 | ഗീത ബാബു | ആയുർവേദ ഏജൻസി |
| 10 | 4/381 | ശശിധരൻപിള്ള | പലവ്യഞ്ജനം |
| 11 | 4/703 | ജെയിൻ | അലമാര നിർമ്മാണം |
| 12 | 4/408 | ജെയിൻ | അലമാര നിർമ്മാണം |
| 13 | 4/18 | ബിനിൽ | ബേക്കറി |
| 14 | 4/752 | രവീന്ദ്രൻ | വർക്ക് ഷോപ്പ് |

1-21-2 ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിലെ 10,11,13 എന്നീ വാർഡുകളിലെ സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് '2019-20 വർഷം ലൈസൻസ് പുതുക്കി

നൽകിയിട്ടില്ല.

| ക്രമ നം | വാർഡ് | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 13/343 | മൻസില | അച്ചാർ കട |
| 2 | 13/118 A | അബ്ദുൾ ഹക്കിം | പൗൾട്രിഫാം |
| 3 | 13/434 | മുഹമ്മദ് താഹ | പ്രൊവിഷൻ സ്റ്റോർ |
| 4 | 13/267 | അമീൻ | പ്രോവിഷൻ സ്റ്റോർ |
| 5 | 11/396 B | റിഷാദ് റഫീക്ക് | ട്രേഡിംഗ് ഷോപ്പ് |
| 6 | 11/472B,471C | ഫിറോസ് ഖാൻ | സിമന്റ്നിർമ്മാണം |
| 7 | 11/48B | ഐനൽ മുബീന | പച്ചക്കറി വ്യാപാരം |
| 8 | 11/484 | ജയകുമാർ | ആട്ടോ ഇലട്രിക് |
| 9 | 11/494 | നൂർജഹാൻ | ബേക്കറി |
| 10 | 11/585 | ബീനാ വഹാബ് | ഫുഡ് നിർമ്മാണം |
| 11 | 10/608 | ഷാഹുൽ | സ്റ്റേഷനറി |
| 12 | 10/2 | അബ്ദുൾ വാഹിദ് | പ്രൊവിഷൻ സ്റ്റോർ |
| 13 | 10/330 | രേണുക | ഫ്ലവർമിൽ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.24/25.03.2021ന് മറുപടിയിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാർഡടിസ്ഥാനത്തിലുള്ള ട്രേഡ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-22 പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകുന്നു.

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനായി കെട്ടിട ഉടമ മുപ്പത് ദിവസം മുമ്പായി ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതും ഫോറം നമ്പർ 2ൽ പുതുക്കിയ വസ്തുനികുതി റിട്ടേൺ

സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്ററിലെ നാലാം വാർഡിലെ അപേക്ഷകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന ഉപയോഗക്രമങ്ങളിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/ കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | ഉപയോഗക്രമം | ലൈസൻസ് അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യകത |
|---|---|---|---|---|---|
| 1 | 4/749 | സഞ്ചയയിൽ കെട്ടിടം നിലവിലില്ല | - | തുളസീധരൻ ആശാരി | കാർപ്പെന്ററി വർക്സ് |
| 2 | 4/626 B | സഞ്ചയയിൽ കെട്ടിടം നിലവിലില്ല | - | രാജേന്ദ്രൻ | ബേക്കറി, സ്റ്റേഷനറി |
| 3 | 4/15 | പുഷ്പമണി | നികുതി ഉപനികുതി ഒഴിവാക്കിയ കെട്ടിടം | സോമൻ | സ്റ്റിച്ചിംഗ് ഐറ്റം വില്പന |
| 4 | 2/243 | സുരേന്ദ്രൻ | പാർപ്പിടം | സുരേന്ദ്രൻ | ധാന്യങ്ങൾ പൊടിക്കുന്നതിന് |
| 5 | 3/50A | സിൽത്തി പി | പാർപ്പിടം | സിൽത്തി ഷാജൻ | ഹോട്ടൽ & കാറ്ററിംഗ് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 24/25.03.2021 ന് മറുപടിയിൽ ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് FACTEOS ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 19/24.03.2021 ന് മറുപടിയിൽ പരിശോധിച്ച് തുടർ നടപികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2019-20 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.18/24.03.2021 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-25 അസിസ്റ്റന്റ് എഞ്ചിനീയർ- ഭൂരിഭാഗം പദ്ധതികളും നടപ്പാക്കിയില്ല

2019-20 വർഷത്തിൽ ഡി.പി.സി. അംഗീകാരം നേടിയ 74 പ്രോജക്ടുകളിൽ 29 എണ്ണം മാത്രമാണ് നടപ്പാക്കിയത്. 66 പദ്ധതികൾക്കായി ആകെ വകയിരുത്തിയ 3,25,91,105/- രൂപയിൽ 1,07,96,497/- രൂപ മാത്രമാണ് ചെലവഴിച്ചത് (ചെലവു ശതമാനം 33.13%). വകയിരുത്തിയതിൽ 66.87% തുക ചെലവഴിക്കാൻ സാധിക്കാതെ വന്നത് പദ്ധതി നിർവ്വഹണത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ വീഴ്ചയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മോണിറ്ററിംഗ് ഫലപ്രദമല്ലാത്തത് കാരണവുമാണ്.
ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(നം.2/20.03.21) നൽകിയ മറുപടിയിൽ 2020 നവംബർ മാസത്തിൽ തന്നെ 5 ലക്ഷം രൂപയിൽ കൂടുതലുള്ള 55,07,765/- രൂപയുടെ ബില്ലുകൾ Q ബിൽ ആയതിനാലും 11 ലക്ഷം, 7 ലക്ഷം അടങ്കൽ തുകയുള്ള രണ്ട് പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വന്നതു കാരണമാണ് ചെലവ് കുറയുവാൻ കാരണമായത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്.

ഭാവിയിൽ ഇപ്രകാരമുള്ള ന്യൂനതകൾ ഒഴിവാക്കാൻ നിർവ്വഹണോദ്യാഗസ്ഥരും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പാഥേയം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പാഥേയം- ജനറൽ (41/20), പാഥേയം-എസ്.സി.പി.(46/20) എന്നീ പദ്ധതികൾ നടപ്പാക്കുന്നതിലേക്കായി വികസന ഫണ്ട് വിഹിതമായ 1,86,732/- രൂപ ചുവടെ പറയുന്ന ബില്ലുകൾ പ്രകാരം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

| ബിൽ നം | തീയതി | തുക |
|---|---|---|
| 10/19-20 | 16.12.2019 | 92,568/- |
| 9/19-20 | 16.12.2019 | 94,164/- |
| ആകെ തുക | | 1,86,732/- |

എന്നാൽ പ്രസ്തുത പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.30/തീയതി-27.03.2021) വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-27 ഫർണ്ണിച്ചർ വാങ്ങൽ-രേഖകൾ ഹാജരാക്കിയില്ല

ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പ്രോജക്റ്റ് നം.158 പ്രകാരം 3,03,488/- രൂപക്ക് പട്ടികജാതി വിദ്യാർഥികൾക്ക് ഫർണ്ണിച്ചറുകൾ വാങ്ങി നൽകിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥനായ കളമുട്ടം

ഗവ.എൽ.പി.എസ് ഹെഡ്മാസ്റ്ററുടെ 7.1.2019 തീയതിയിലെ 25/18-19നം കത്തിൽ, പ്രൊക്യൂയർമെന്റ് കമ്മിറ്റി, ഫർണ്ണിച്ചറുകളുടെ സാമ്പിൾ പരിശോധിച്ച് തൃപ്തിപ്പെട്ട വിവരം പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ പ്ലാവിൻതടിയെക്കുറിച്ചുള്ള വനംവകുപ്പിന്റെ സാക്ഷ്യ പത്രവും, മേശയുടെയും കസേരയുടെയും പ്രത്യേകം വില രേഖപ്പെടുത്തിയ ബില്ലും ഹാജരാക്കണമെന്ന് കരാർ നൽകിയ സ്ഥാപനത്തോട് ആവശ്യപ്പെട്ടിരുന്നു.എന്നാൽ ഫയലിൽ പ്രസ്തുത രേഖകൾ ഇല്ലാത്തതിനാൽ ചുവടെ പറയുന്ന രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നതിന് 25.3.2021 ൽ ഓഡിറ്റ് എൻക്വയറി നം.27 നൽകിയെങ്കിലും, ആയതിന് ഇതുവരെയും മറുപടി നൽകിയിട്ടില്ല. ടി രേഖകൾ കൂടി ലഭ്യമായാൽ മാത്രമേ പർച്ചേസിന്റെ സുതാര്യത ഉറപ്പു വരുത്തുന്നതിനു സാധിക്കുകയുള്ളു.

1.പ്രൊക്യൂയർമെന്റ് കമ്മിറ്റിയുടെ പരിശോധനാ റിപ്പോർട്ട്

2.വനം വകുപ്പിന്റെ സാക്ഷ്യ പത്രം

3.ടെൻഡർ നടപടികൾ മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചതിന്റെ വിവരങ്ങൾ

4.മേശയുടെയും കസേരയുടെയും പ്രത്യേകം വില രേഖപ്പെടുത്തിയ ബിൽ

മേൽപറഞ്ഞ രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

1-28 PHC പർച്ചേസുകളിൽ സ്റ്റോർ പർച്ചേസ് മാന്വൽ പാലിക്കുന്നില്ല

മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നടപ്പിലാക്കിയ പ്രോജക്റ്റ്-48 പാലിയേറ്റീവ് കെയറിൽ 2019-20 ൽ ചുവടെ പറയുന്ന പർച്ചേസുകൾ നടത്തിയിട്ടുണ്ട്.

| ബിൽ നം | തുക | സ്ഥാപനം |
|---|---|---|
| 1 | 1,65,953/- | Supplyco |
| 2 | 49,538/- | Supplyco |
| 4 | 34,846/- | Supplyco |
| 6 | 1,05,246/- | IHDB |
| 10 | 1,84,178/- | IHDB |
| 12 | 9,922/- | IHDB |

കൂടാതെ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് 1,80,000/- രൂപയുടെ പർച്ചേസ് IHDB യിൽ നിന്നും നടത്തിയിട്ടുണ്ട്.

ശ്രീ അവിട്ടം തിരുനാൾ ഹോസ്പ്പിറ്റൽ ഹെൽത്ത് എജ്യൂക്കേഷൻ സൊസൈറ്റി (SATHHES) യുടെ കീഴിലുള്ള IHDB ൽനിന്നാണ് മേൽ പറഞ്ഞ വാങ്ങലുകൾ നടന്നിട്ടുള്ളത്. 10.7.2018 ലെ സ.ഉ(സാ.ധ).നം.2230/2018/ആ.കു.വ പ്രകാരം കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനൊപ്പം (KMSC) വിലക്കുറവും, ഗുണമേൻമയുള്ളതുമായ മരുന്നുകൾ SATHHES യുടെ കീഴിലുള്ള 'In House Drug Bank'(IHDB) ൽ ലഭ്യമാണങ്കിൽ സാധാരണ പർച്ചേസ് റൂൾ പാലിച്ചുകൊണ്ട് മരുന്നു വാങ്ങുന്നതിനു തിരുവനന്തപുരം,കൊല്ലം ജില്ലകളിലെ സർക്കാർ ആശുപത്രികൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

ടി പ്രോജക്റ്റുകൾ പ്രകാരമുള്ള പർച്ചേസുകളിൽ ചുവടെ പറയുന്ന അപാകതകൾ കാണുന്നു.

I. KMSC യിൽ പ്രസ്തുത മരുന്നുകൾ ലഭ്യമാണോ എന്നും, ആയവയുടെ വിലനിലവാരവും എപ്രകാരമാണ് എന്ന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമായാൽ മാത്രമേ IHDB യുമായുള്ള നിരക്ക് വ്യത്യാസം വ്യക്തമാവുകയുള്ളൂ.ആപ്രകാരം ചെയ്തതായി കാണുന്നില്ല.

Ii. എസ്റ്റിമേറ്റ് തുക ഒരു ലക്ഷം രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വൽ -2013 ഖ.7.7 പ്രകാരം ടെണ്ടറും, എസ്റ്റിമേറ്റ് തുക 15,000/- രൂപക്ക് മുകളിൽ ഒരു ലക്ഷം രൂപ വരെയുള്ളതിന് ഖ.7.6,7.31 പ്രകാരം ക്വട്ടേഷനും ക്ഷണിക്കേണ്ടതാണ്. അപ്രകാരം ചെയ്തതായി കാണുന്നില്ല.

മേൽ അപാകതകൾ ചൂണ്ടികാണിച്ചുകൊണ്ട് 23.3.2021ൽ ഓഡിറ്റ് എൻക്വയറി.14 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പർച്ചേസുകളിൽ സ്റ്റോർ പർച്ചേസ് മാന്വൽ പാലിക്കുന്നതിനും, മേൽ അപാകതകളിൻമേൽ വിശദീകരണവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-29 സംയുക്ത പദ്ധതി -ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യാമാക്കാതെ പദ്ധതി നടപ്പാക്കി.

ഡയറി ഫാം ഇൻസ്ട്രക്ടർ 2019-20 ൽ നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന സംയുക്ത പ്രോജക്ടുകളിൽ ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| 38/19-20 | ക്ഷീരസമൃദ്ധി (ജനറൽ) | 6,00,000/- (വികസനഫണ്ട്-2,00,000/-, ബ്ലോക്ക്-2,00,000/-, ജില്ല-2,00,000/-) | 4,00,000/- (വികസനഫണ്ട്-2,00,000/-, ബ്ലോക്ക്-2,00,000/-) |
| 39/19-20 | ക്ഷീരസമൃദ്ധി (വനിത) | 6,00,000/- (വികസനഫണ്ട്-2,00,000/-, ബ്ലോക്ക്-2,00,000/-, ജില്ല-2,00,000/-) | 4,00,000/- (വികസനഫണ്ട്-2,00,000/-, ബ്ലോക്ക്-2,00,000/-) |

ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കാതെ പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം.25/25.03.2021) ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ തുക നൽകുന്നതിനായി ബിൽ മാർച്ച് 31 ന് മുമ്പ് സമർപ്പിച്ചിരുന്നുവെങ്കിലും ട്രഷറി നിയന്ത്രണം കാരണം ബില്ലുകൾ പാസായില്ല എന്നും പ്രസ്തുത ബില്ലുകൾ 2020-21 സാമ്പത്തിക വർഷം തുക മാറി നൽകിയിട്ടുണ്ട് എന്നും മറുപടി നൽകിയിട്ടുണ്ട്. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ഇത്തരം ന്യൂനതകൾ ഒഴിവാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 കാർഷിക മേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ - വരവ് ചെലവ് രേഖകൾക്ക് വ്യക്തതയില്ല

കൃഷി ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതമായി തുക

വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ടി തുക പിരിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയതിന്റെ രസീത് ബുക്ക്, കളക്ഷൻ രജിസ്റ്റർ, തുക ഗുണഭോക്താവിന് തിരികെ നൽകിയതിന്റെ ചെക്ക് വിവരം/അക്കൗണ്ട് ട്രാൻസ്ഫർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പേര് | ഗുണഭോക്തൃ വിഹിതമായി വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുള്ള തുക (എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | ബിൽ ബുക്ക്/ ക്യാഷ് ബുക്ക് എന്നിവ പ്രകാരം |
|---|---|---|
| 32/20-കിണർ റീച്ചാർജിംഗ് | 30,400/- | 0 |
| 30/20-തേനീച്ചക്കൃഷി | 38,600/- | 0 |
| 28/20-ഹരിതഭവനം | 1,39,840/- | 0 |
| 26/20-സമഗ്ര തെങ്ങുകൃഷി വികസനം (വനിത) | 1,20,000/- | 0 |

ഗുണഭോക്തൃ വിഹിതം സാംഖ്യയിലും സുലേഖയിലും വരവായും ചെലവായും കാണിക്കുകയും എന്നാൽ നിർവ്വഹണോദ്യോഗസ്ഥന്റെയും സെക്രട്ടറിയുടെയും ക്യാഷ്/ബാങ്ക് ബുക്കിൽ പ്രതിഫലിച്ചിട്ടില്ലാത്തതുമാണ്.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(38) മറുപടി നൽകിയിട്ടില്ല. ആയത് അക്കൗണ്ടിങ്ങിലെ പാകപ്പിഴകൾക്ക് വഴിയൊരുക്കുവാൻ ഇടയാക്കും എന്നതിനാൽ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതിന് ഭരണ സമിതിയും നിർവ്വഹണോദ്യോഗസ്ഥനും ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

### 1-31 ക്ഷീര സംഘങ്ങൾക്ക് ബില്ലിംഗ് മെഷീൻ - കൈപ്പറ്റ് വിവരം ലഭ്യമല്ല

ക്ഷീര സംഘങ്ങൾക്ക് ബില്ലിംഗ് മെഷീൻ എന്ന പദ്ധതി (പ്രോജക്ട് നം. 70/20) പ്രകാരം തനത് ഫണ്ടിൽ നിന്നും 36,000/- രൂപ വകയിരുത്തുകയും 35,397/- രൂപ ചെലവഴിച്ചതായും എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ടി തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ Soft Land India Ltd എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ 3 മെഷീനുകൾ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ കൈപ്പറ്റിയതായി (കന്നുകുട്ടി തീറ്റ വിതരണത്തിനായി) ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്ഷീര സംഘങ്ങൾക്ക് നൽകിയതായി വിവരമില്ല. ഇതിനു പുറമേ പദ്ധതിക്കായി പിൻവലിച്ചതും ഉപയോഗിച്ചതുമായ തുക ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ പദ്ധതി നിർവ്വഹണത്തിൽ നിർവ്വഹണോദ്യോഗസ്ഥൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും പദ്ധതിലക്ഷ്യം കൈവരിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

### 1-32 മൃഗസംരക്ഷണമേഖലയിലെ പ്രോജക്ട്-വരവ് ചെലവ് രേഖകൾക്ക് വ്യക്തതയില്ല

വെറ്ററിനറി സർജൻ നടപ്പാക്കിയ ആട്ട വളർത്തൽ-വനിത (ജനറൽ) (പ്രോജക്ട് നം. 64/20) പ്രകാരം ഗുണഭോക്തൃ വിഹിതമായി 2,56,000/- രൂപ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുള്ളതായി എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ടി തുക പിരിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയതിന്റെ രസീത് ബുക്ക്, കളക്ഷൻ രജിസ്റ്റർ, തുക ഗുണഭോക്താവിന് തിരികെ നൽകിയതിന്റെ ചെക്ക് വിവരം/അക്കൗണ്ട് ട്രാൻസ്ഫർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഗുണഭോക്തൃ വിഹിതം സാംഖ്യയിലും സുലേഖയിലും വരവായും ചെലവായും കാണിക്കുകയും എന്നാൽ നിർവ്വഹണോദ്യോഗസ്ഥന്റെയും സെക്രട്ടറിയുടെയും ക്യാഷ്/ബാങ്ക് ബുക്കിൽ

പ്രതിഫലിച്ചിട്ടില്ലാത്തതുമാണ്. ആയത് അക്കൗണ്ടിങ്ങിലെ പാകപ്പിഴകൾക്ക് വഴിയൊരുക്കുവാൻ ഇടയാക്കും എന്നതിനാൽ വിഷയത്തിൽ ഭരണ സമിതിയും നിർവ്വഹണോദ്യോഗസ്ഥനും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-33 ഭവന പുനരുദ്ധാരണത്തിന് ഒരാൾക്ക് രണ്ട് പദ്ധതികളിലായി ആനുകൂല്യം നൽകി-50,000/- രൂപ തിരിച്ചടക്കേണ്ടതാണ്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-II നടപ്പിലാക്കിയ പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഭവന പുനരുദ്ധാരണത്തിനായുള്ള പ്രോജക്റ്റ്-50 ൽ, ഉത്തരവ് നം.162/12.11.2019 പ്രകാരം ശ്രീമതി.സുഭാഷിണി എന്നയാൾക്ക് ടിയാരിയുടെ 07840100006763 എന്ന ബാങ്ക് അക്കൌണ്ടിലേക്ക് 50,000/- രൂപ 18.12.2019 ൽ എസ്.സ്.പി ഫണ്ടിൽ നിന്നും കൈമാറിയിട്ടുണ്ട്. ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ പട്ടികയിൽ ടിയാരിയുടെ പേര് ഉൾപ്പെട്ടിട്ടില്ലാത്തതും ഭവന പദ്ധതി ആനുകൂല്യത്തിനുള്ള ടിയാരിയുടെ അപേക്ഷയും പ്രോജക്റ്റ് ഫയലിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ലാത്തതും ആകുന്നു.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-Iനടപ്പിലാക്കിയ ഭവന പുനരുദ്ധാരണം(ജനറൽ) എന്ന പ്രോജക്റ്റ്-19 ൽ ഉത്തരവ് നം.363/19.3.2020 പ്രകാരം ഇതേ വ്യക്തിക്ക് ടിയാരിയുടെ 07840100006763 എന്ന ബാങ്ക് അക്കൌണ്ടിലേക്ക് 25,000/- രൂപ കൈമാറിയിട്ടുണ്ട്. ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ പട്ടികയിൽ (28/5/2019 ലെ അടിയന്തിര മീറ്റിംഗ് I(7)J നം തീരുമാനം) ക്രമ നം 18 മതായി ടിയാരിയുടെ പേര് ഉൾപ്പെട്ടിട്ടുണ്ട്. ടിയാരി 1 ലക്ഷം രൂപയുടെ പണികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഓവർസിയർ വാല്യൂഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

ഇപ്രകാരം സംഭവിച്ചതിനുള്ള കാരണവും ടിയാരിക്ക് രണ്ട് പ്രോജക്റ്റുകളിലായി തുടർന്നും തുക അനുവദിച്ചിട്ടുണ്ടോ, എന്നതിന്റെയും പ്രോജക്റ്റ് -50 ലെ ടിയാരിയുടെ അപേക്ഷയും ലഭ്യമാകുന്നതിനായി 24.3.2021 ൽ ഓഡിറ്റ് എൻക്വയറി.20 നൽകിയിരുന്നു. ആയതിന് നൽകിയ മറുപടി,പ്രോജക്റ്റ് മാപ്പിംഗ് വേളയിൽ ഇത്തരത്തിൽ തെറ്റായി രേഖപ്പെടുത്തുകയായിരുന്നു എന്നാണ്.എന്നാൽ ടിയാരിക്ക് തുടർന്ന് തുക അനുവദിച്ചതിന്റെയോ, ടിയാരിയുടെയോ അപേക്ഷയോ പരിശോധനക്ക് നൽകുന്നതിനെകുറിച്ച് മറുപടിയിൽ പ്രതിപാദിച്ചിട്ടില്ല.

ടി പദ്ധതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കളുടെ പട്ടികയിൽ ഇല്ലത്തയാൾക്ക് പട്ടികവിഭാഗങ്ങൾക്കുള്ള ഭവന പുനരുദ്ധാരണത്തിനായുള്ള പദ്ധതിയിൽ ആനുകൂല്യം നൽകി.

2. പട്ടികവിഭാഗങ്ങൾക്കുള്ള ഫണ്ട് ദുരുപയോഗം നടത്തി.

3.ഒരാൾക്ക് ഒരേ രീതിലുള്ള രണ്ട് ഭവന പുനരുദ്ധാരണത്തിനായുള്ള പദ്ധതിയിൽ ആനുകൂല്യം നൽകി.

ടിയാരിക്ക് രണ്ട് പ്രോജക്റ്റുകളിലായി ആകെ നൽകിയ തുക അടിയന്തിര പരിശോധന നടത്തി തിട്ടപ്പെടുത്തേണ്ടതും, എസ്.സ്.പി ഫണ്ടിൽ നിന്നും അനർഹമായി അനുവദിച്ച 50,000/- രൂപയും കൂടുതൽ അനർഹമായി അനുവദിച്ചിട്ടുണ്ടെങ്കിൽ അതും ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി എസ്.സ്.പി ഫണ്ടിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-34 ജീവിതശൈലി രോഗ നിർണ്ണയ പദ്ധതി-മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ-പി എച്ച് സി നടപ്പിലാക്കിയ ജീവിതശൈലി രോഗ നിർണ്ണയ പദ്ധതി(പ്രോജക്റ്റ്-56) പ്രകാരം IHDB യിൽ നിന്നും ഗ്ലൂക്കോമീറ്റർ, സ്ട്രിപ്പ് എന്നിവ വാങ്ങുന്നതിന് 31.3.2020 ൽ 50,000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഇൻവേയിസ്.സി.14223/2020-21, പ്രകാരം 48681/- രൂപയുടെ മരുന്ന് 31.12.20ലും ഇൻവോയിസ്. സി.14888/2020-21പ്രകാരം 1319.5/- രൂപയുടെ മരുന്ന് 11.1.21 ലും ലഭ്യമായതായി സ്റ്റോക്ക് രജിസ്റ്റർ പേജ്-100 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ പണം നൽകി 9 മാസത്തിനു ശേഷമാണ് മരുന്ന് ലഭ്യമായത്. പണം നൽകിയതിനു ശേഷം

സ്ഥാപനവുമായി ബന്ധപ്പെട്ട് മരുന്ന ലഭ്യമാക്കുന്നതിന നപടികൾ സ്വീകരിക്കാത്തതുകൊണ്ടാണ് ഇത്തരത്തിൽ കാലതാമസം ഉണ്ടായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ എസ്റ്റിമേറ്റ് തുക 15,000/- രൂപക്ക് മുകളിൽ ഒരു ലക്ഷം രൂപ വരെയുള്ള പർച്ചേസുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വൽ ഖ.7.6,7.31 പ്രകാരം ക്വട്ടേഷനും ക്ഷണിക്കേണ്ടതാണ്. ആയതും പാലിച്ച കാണുന്നില്ല.

മേൽ അപാകതകൾ ചൂണ്ടികാണിച്ചുകൊണ്ട് 23.3.2021ൽ ഓഡിറ്റ് എൻക്വയറി.14 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പർച്ചേസുകളിൽ സ്റ്റോർ പർച്ചേസ് മാന്വൽ പാലിക്കുന്നതിനും, മേൽ അപാകതകളിൻമേൽ വിശദീകരണവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-35 തുക നൽകിയിട്ടും പ്രിൻറർ ,യു പി എസ് എന്നിവ ലഭ്യമാക്കിയില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം.53 പ്രകാരം 47,830/- (കമ്പ്യൂട്ടർ-30257/-, പ്രിന്റർ-14726/-, യുപിഎസ്-2577/-)രൂപക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ CPRCS മുഖേന വാങ്ങിയിട്ടുണ്ട്. ആയതിന് 18.2.2020 ൽ 273/18.2.20 നം ഉത്തരവ് പ്രകാരം (ബിൽ നം.19011052054601301997) 47,830/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ പണം നൽകിയത് 18.2.2020 ആണെങ്കിലും കമ്പ്യൂട്ടർ ലഭ്യമായത് 28.10.2020ൽ മാത്രമാണ്. കൂടാതെ ബിൽ, അസറ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കമ്പ്യൂട്ടർ മാത്രമാണ് ലഭ്യമായത് എന്നും കാണുന്നു. പ്രിന്റർ, യു.പി.എസ്. എന്നിവ ലഭ്യമായിട്ടുണ്ടോ, ഇല്ലങ്കിൽ അതിന്റെ കാരണം, പ്രിന്റർ, യു.പി.എസ്. എന്നിവ ലഭ്യമാകുന്നതിനും അല്ലെങ്കിൽ അടവാക്കിയ തുക തിരികെ ലഭ്യമാകുന്നതിനും സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കുന്നതിനായി 25.3.2021 ൽ ഓഡിറ്റ് എൻക്വയറി . 28നൽകിയിരുന്നു. ആയതിന് 27.3.2021 ൽ മറുപടി നൽകിയിരുന്നു. അതിൽ യു പി എസ് കൊറിയർ വഴിഅയച്ചിട്ടുണ്ടെന്നാണ് അറിയിച്ചത്. കൂടാതെ പ്രിൻററിന് നൽകിയ തുക തിരികെ ലഭിക്കുന്നതിന് കമ്മിറ്റി തീരുമാനത്തോടെ കത്ത് നൽകിയിട്ടുണ്ട് എന്നാണ്.എന്നാൽ ഇതുവരെയും യു. പി. എസ്, പ്രിന്റർ എന്നിവ ലഭിച്ചതായോ, തുക തിരികെ ലഭിച്ചതായോ കാണുന്നില്ല. ഇവ ലഭ്യമായതിനെക്കുറിച്ചുള്ള തുടർവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-36 മരാമത്ത് പ്രവൃത്തികൾ - കരാർ ചമയ്ക്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല.

AUDIT IMPACT

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശ സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസത്തിന ശേഷം 10 ദിവസത്തിനകം കരാർ ചമയ്ച്ചാൽ PAC യുടെ 1% പിഴ ഈടാക്കണം. എന്നാൽ കരാർ ചമയ്ക്കാൻ കാലതാമസം ഉണ്ടായ ചുവടെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്നും ഗ്രാമ പഞ്ചായത്ത് പിഴ ഈടാക്കിയില്ല.

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്ടിന്റെ പേര്. കരാറുകാരൻ | അടങ്കൽ തുക , പി.എ.സി. | സെലക്ഷൻ നോട്ടീസ് തീയതി | കരാർ നംപർ, തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1 | 149/19-20 | പറങ്കിമാംവിള പുത്തൻകോട് റോഡ് റീടാറിംഗ് ശ്രീ. വി.ശശികുമാർ | 5,30,000/- 5,18,272/- | 29.01.19 | 45/18-19 07.03.19 | 5183/- |

| | | | | | | |
|---|---|---|---|---|---|---|
| 2 | 148/19-20 | ഹബീബ് മുഹമ്മദ് ഏല റോഡ് മെയിന്റനൻസ് ശ്രീ. വി.ശശികുമാർ | 2,40,000/- 2,39,951/- | 29.01.19 | 44/18-19 07.03.19 | 2400/- |
| 3 | 145/19-20 | കുരിശടി വെട്ടുകാട് റോഡ് റീടാറിംഗ് ശ്രീ. വി.ശശികുമാർ | 8,00,000/- 7,92,328/- | 29.01.19 | 43/18-19 07.03.19 | 7923/- |
| ആകെ തുക | | | | | | 15,506/- |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(22/24.03.2021) നൽകിയതിനെ തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ പ്രസ്തുത തുക (15,506/-) 27.03.2021 ലെ രസീത് നമ്പർ 120010103657പ്രകാരം Penalities And Fines- Other Penalities ഹെഡ്ഡിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | | 340000 | ഒന്നാം വിള നെൽകൃഷി-വിത്ത് ജൈവവള വിതരണം | 340000 | 0 |
| | | | 33000 | ജൈവസമൃദ്ധി | 33000 | 0 |
| | | | 54720 | ജലശ്രീ കിണർ | 54720 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | റീചാർജ്ജിംഗ് | | |
| | | | 182250 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 182250 | 0 |
| | | | 100000 | അംഗനവാടി പോഷകാഹാരം | 100000 | 0 |
| | | | 50000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50000 | 0 |
| | | | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| | | | 200000 | ക്ഷീരസമൃദ്ധി ജനറൽ | 200000 | 0 |
| | | | 200000 | ക്ഷീരസമൃദ്ധി വനിത | 200000 | 0 |
| | | | 593137 | ലൈഫ് ജനറൽ | 0 | 593137 |
| | | | 988226 | ലൈഫ്(എസ്.സി.) | 0 | 988226 |
| | | 380775 | 2941333 | | 1359970 | 1962138 |
| ജില്ലാ പഞ്ചായത്ത് | 2019-20 | | 340000 | ഒന്നാം വിള നെൽകൃഷി-വിത്ത് ജൈവവള വിതരണം | 340000 | 0 |
| | | | 82080 | ജലശ്രീ കിണർ റീചാർജ്ജിംഗ് | 82080 | 0 |
| | | | 182250 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 182250 | 0 |
| | | | 112000 | ഹരിത ഭവനം | 112000 | 0 |
| | | | 1392603 | ലൈഫ് (എസ്.സി.പി) | 1392603 | 0 |
| | | 133800 | 2108933 | | 2108933 | 133800 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | തൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക |
|---|---|---|---|---|---|---|---|
| | | 2019-20 | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 2785922 | 0 | 16/20-കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1222200 | 0 | 1222200 | 4158122 |
| | | | 190/20-പുലികുന്ന് കോളനിയിൽ വാട്ടർ പൈപ്പ് ലൈൻ | 150000 | 0 | 150000 | |
| കെ.എസ്.ഇ.ബി | 1163198 | 0 | - | - | - | - | 1163198 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | 289/എൽ.എം.സി.എ1-കെ.യു.ആർ.ഡി.എഫ്.സി/2018 തീയതി 04.01.2019 | 15869199 | 4510801 | 1588235 | 18791765 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-10 | 2009-10 | 3.7.1 | പുളിയിക്കച്ചിറ കുടിവെള്ള പദ്ധതി | പരാമർശം നിലനിൽക്കുന്നു |

4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 9,70,99,005/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,55,82,859/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001- | കെ.എസ്.എ.റ്റി.വി.എം.ജി.പി. | 1 | |

| | | | |
|---|---|---|---|
| 02 | 7/808/2018 തീയതി 11-05-2018 | | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 7/808/2018 തീയതി 23-07-2014 | 2 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 7/808/2018 11-05-2018 | 2 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 7/808/2018 11-05-2018 | 4 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 7/808/2018 11-05-2018 | 2 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 7/808/2018 11-05-2018 | 5 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ ജി.പി7/1190/2018, 2.6.18 | 2 | |
| 2014-15 | ക.എസ്.എ.റ്റി.വി.എം./ ജി.പി.7/1191/2018 തീ. 2-6-18 | 1 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ ജി.പി.7/955/2019 തീ. 14.6.2019 | 2 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ ജി.പി.7/955/2019 തീ. 14.6.2019 | 6 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി. 7/328/19 തീയതി 12.11.19 | 23 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി. 7/496/2020 തീയതി 04.05.2020 | 21 | |

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്